# Desabhimani

# 27 August 2018

# Kalamassery, After Flood, CUSAT Experts,Inspected the Houses

## കുസാറ്റ് വിദഗ്ധർ വീടുകൾ പരിശോധിച്ചു

**കളമശേരി**

കൊച്ചി സർവകലാശാലയിലെ സാങ്കേതിക വിദഗ്ധരെ വെള്ളമിറങ്ങിയ വീടുകളിൽ വൈദ്യുതി സംവിധാനങ്ങളുടെ പരിശോധനയ്ക്കായി അയച്ചു. മെയിന്റനൻസ് എൻജിനിയർ പി വൈ അനിൽ, ജി ഗിരീഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ജീവനക്കാരും അവസാനവർഷ ഇലക്ട്രിക്കൽ എൻജിനിയറിങ് വിദ്യാർഥികളുമുൾപ്പെടുന്ന സംഘത്തെയാണ് ഏലൂരിലെ ദുരിതബാധിത പ്രദേശത്തേക്ക് അയച്ചത്.

വൈദ്യുതി സംവിധാനങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പരിശോധനയാണ് സംഘം നടത്തിയത്.

മിക്ക വീടുകളിലും സ്വിച്ച് ഓൺ ചെയ്താൽ ഷോക്കേൽക്കുന്ന നിലയാണ്. ഭിത്തിയുടെ ഉള്ളിലൂടെയുള്ള വയറിങ് ആയതിനാൽ നന്നായി ഉണങ്ങുന്നതുവരെ കാത്തിരിക്കണം. അല്ലാത്തപക്ഷം ഷോക്കടിക്കും. സംഘം പരിശോധിച്ച വീടുകളിൽ ആൾപ്പാർപ്പുള്ളിടത്ത്, താല്കാലികമായി വെളിച്ചത്തിനും പ്ലഗിനുമുള്ള സൗകര്യമുണ്ടാക്കി. 20 ലേറെ വീടുകളുടെ പരിശോധനയാണ് ചൊവ്വാഴ്ച പൂർത്തിയാക്കിയത്.

കുസാറ്റ് സ്കൂൾ ഓഫ് എൻജിനിയറിങ്ങ് വൈദ്യുതി പഠന വിഭാഗം ജീവനക്കാരൻ കെ ജെ ബിനോയ്, അവസാന വർഷ വിദ്യാർഥികളായ കെ ഹരിപ്രസാദ്, സിറിൽ മാത്യു ജേക്കബ്, കെ ജെ ബിനോജ് പീറ്റർ, രോഹിത് കുമാർ സിങ് തുടങ്ങിയവർ പരിശോധക സംഘത്തിലുണ്ടായി.